**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1597** **03-02-2026 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്ത വില്ലേജുകൾ, നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസുകൾ ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയതിന് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ; | (ബി) | എ പിരിവിനുള്ള മറുപടി |
| (സി) | സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്ത മലമ്പുഴ -II വില്ലേജ് ഓഫീസിന്റെ നിർമ്മാണം ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; ആയത് എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ? | (സി) | മലമ്പുഴ-2 വില്ലേജിന്റെ പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള ലേലം നടക്കാത്തതിനാലാണ് നിർമ്മാണം ഇതുവരെയും ആരംഭിക്കാൻ കഴിയാതെ വന്നത്. നിലവിൽ ലേലം നടത്തി സ്ഥിരീകരണം നൽകിയിട്ടുള്ളതും, കെട്ടിടം ഉടൻ പൊളിച്ച് നീക്കുവാൻ കക്ഷിയ്ക്കും, നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുവാൻ നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള വില്ലേജ് ഓഫീസുകൾ, നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നം | സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്ത വില്ലേജ് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പുതുശ്ശേരി ഈസ്റ്റ് | 44 ലക്ഷം (പ്ലാൻ ഫണ്ട് 2019-20) | 15.05.2023-ന് കെട്ടിട ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. |
| 2 | മരുതറോഡ് | 44 ലക്ഷം (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) | 08.04.2022 ന് കെട്ടിട ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. |
| 3 | മുണ്ടൂർ-1 | 50 ലക്ഷം (പ്ലാൻ ഫണ്ട് 2023-24) | നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| 4 | മലമ്പുഴ-2 | 45 ലക്ഷം (പ്ലാൻ ഫണ്ട് 2024-25) | പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ലേല നടപടികൾ പൂർത്തിയായതിനാൽ ടി കെട്ടിടം ഉടൻ പൊളിച്ചു നീക്കാനും, തുടർന്ന് ജില്ലാ നിർമ്മിതി കേന്ദ്രം വഴി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |